**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2076** — **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 സാമ്പത്തിക വർഷം എം.എൽ.എ. മാരുടെ ആസ്തി വികസനഫണ്ടുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി എത്ര മണ്ഡലങ്ങളിൽ നടപ്പാക്കുന്നതിനാണ് ശിപാർശകൾ ലഭിച്ചിരുന്നതെന്ന് വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ. ഫണ്ട്/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിയ്ക്ക് തുക കണ്ടെത്തുന്നത്. |
| (ബി) | പ്രസ്തുത വർഷം സർക്കാർ വിഹിതം അനുവദിച്ച് ഉത്തരവായത് ഏതൊക്കെ മണ്ഡലങ്ങളിലാണെന്നും ഇതനുസരിച്ച് പ്രസ്തുത മണ്ഡലങ്ങളിൽ കളിക്കളം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസം വരാനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; | (ബി) | 2022-23 സാമ്പത്തികവർഷത്തിൽ 8 പദ്ധതികൾക്കാണ് കായിക വകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനാവശ്യമായ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിയ്ക്കുന്നത് പരിശോധിച്ച് വരുന്നു. |
| (സി) | 2022-23 വർഷം വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടുപയോഗിച്ച് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ശിപാർശ ചെയ്ത കല്ലറ പഞ്ചായത്തിലെ തണ്ണിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും പ്രസ്തുത പദ്ധതിക്കായി സർക്കാർ വിഹിതം അനുവദിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ? | (സി) | ഒരു കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കുന്ന കല്ലറ പഞ്ചായത്തിലെ തണ്ണിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എം.എൽ.എ. ഫണ്ടിലുൾപ്പെടുത്തി 50ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SOP) പുറപ്പെടുവിയ്ക്കുന്നത് പരിശോധിച്ചു വരുന്നു. ആയത് പുറപ്പെടുവിയ്ക്കുന്ന മുറയ്ക്ക് പ്ലാൻ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | പദ്ധതി | നിയമസഭാ മണ്ഡലം |
|---|---|---|
| 1 | ജി.എച്ച്.എസ്. ചിറക്കര ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ |
| 2 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ഒറ്റപ്പാലം |
| 3 | കള്ളിക്കാട് ഗ്രാമ പഞ്ചായത്ത് | പാറശ്ശാല |
| 4 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് ജയ് ഹിന്ദ് സ്റ്റേഡിയം | വൈപ്പിൻ |
| 5 | കരണപ്ര മിനി സ്റ്റേഡിയം, പട്ടിത്തറ ഗ്രാമപഞ്ചായത്ത് | തൃത്താല |
| 6 | ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ചടയമംഗലം |
| 7 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്. | അമ്പലപ്പുഴ |
| 8 | അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ്. തേവലക്കര ഗ്രാമപഞ്ചായത്ത് | ചവറ |

**സെക്ഷൻ ഓഫീസർ**